കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് റഗുലേഷനുകളിലെ അധ്യായം 8 അപ്പൻഡിക്സ് 3B ഭാഗം II-ലെ വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ നിലവിലെ ഖണ്ഡിക 27- ന് പകരം താഴെപ്പറയുന്ന ഖണ്ഡിക ചേർക്കേണ്ടതാണ്, അതായത് :-

" 27. എഴുത്തു പരീക്ഷ / ഒ.എം.ആർ പരീക്ഷ / പ്രായോഗിക പരീക്ഷ / അഭിമുഖം എന്നിവയുടെ തീയതി, സമയം എന്നിവ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് പ്രസിദ്ധീകരിക്കുന്ന പരീക്ഷാ കലണ്ടറിലും, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റിലും പ്രമുഖ പത്രമാധ്യമങ്ങളിലും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തുന്നതാണ്. അപേക്ഷയിൽ മൊബൈൽ നമ്പർ / ഇ-മെയിൽ ഐ.ഡി എന്നിവ ലഭ്യമാക്കുന്ന ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ / ഇന്റർവ്യൂ സംബന്ധമായ വിവരങ്ങൾ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ അറിയിക്കുന്നതാണ് ( എസ്.എം.എസ് / ഇ-മെയിൽ ). ഏതെങ്കിലും സാങ്കേതിക കാരണങ്ങളാൽ ഇ-മെയിൽ / എസ്.എം.എസ് വഴിയുള്ള അറിയിപ്പ് ലഭിക്കാതിരിക്കുകയോ / വൈകി ലഭിക്കുകയോ ചെയ്താൽ അക്കാരണം കൊണ്ട് പരീക്ഷ എഴുതുവാൻ / അഭിമുഖത്തിൽ പങ്കെടുക്കുവാൻ സാധിച്ചില്ലെന്ന അപേക്ഷകരുടെ അവകാശവാദം യാതൊരു കാരണവശാലും അംഗീകരിക്കുന്നതല്ല. കൂടാതെ ആയതു സംബന്ധിച്ച് പരീക്ഷ/ഇന്റർവ്യൂവിനു ശേഷം ലഭിക്കുന്ന പരാതികൾ / ഹർജികൾസ്വീകരിക്കപ്പെടുന്നതുമല്ല."